# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 926 — 25/01/2018-ൽ മറുപടിയ്ക്ക്.

### ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് അറിയിക്കാമോ; | (എ) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരി യ്ക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റ പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള ധനസഹായം, ക്ഷീര കർഷകർക്കുള്ള അവശ്യാധിഷ്ഠിത ധന സഹായം, പാൽ ഗുണനിലവാരം മെച്ച പ്പെടുത്തുന്നതിനുള്ള പദ്ധതി, കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശത പെൻഷൻ, വിവാഹധനസഹായം, മരണാനന്തര സഹായം, ചികിത്സാസഹായം, ക്ഷീര കർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു. കൂടാതെ സംസ്ഥാനത്തെ 50 ബ്ലോക്കുകളെ ഡെയറി സോണായി തെരഞ്ഞെടുത്തും 5 ഗ്രാമപഞ്ചായത്തു കളെ ക്ഷീരഗ്രാമങ്ങളായി തെരഞ്ഞെടുത്തും സമഗ്രക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തി യായി വരുന്നു. |

ബി) ക്ഷീര മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളെ കുറിച്ച് വിശദമാക്കുമോ?

(ബി) പുതിയതായി രണ്ടു പദ്ധതികൾ വരും വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**1) കന്നുകുട്ടികളെ ദത്തെടുക്കൽ പദ്ധതി**

കന്നുകുട്ടികൾ ജനിച്ചതു മുതൽ 4 മാസം വരെ അവയ്ക്ക് വേണ്ടുന്ന തീറ്റ, ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റ്, വിര മരുന്ന് എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്ത്, ദത്തെടുക്കുന്ന കന്നുകുട്ടികളെ വളർത്തി നല്ല കിടാക്കളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കന്നുകുട്ടികളുടെ സംരക്ഷണ ചെലവ് താങ്ങാനാവാതെ കർഷകർ അവയെ വിറ്റൊഴിവാക്കുന്നത് തടയാനും ഈ പദ്ധതി മൂലം സാധിക്കും.

**2) ഹീഫർ പാർക്കുകൾ**

ഒരു വയസ്സിനു മുകളിലുള്ള കിടാരികളെ വളർത്തി കറവ പശുക്കളാക്കി വിൽക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 100 കിടാരികളെ വരെ വളർത്തുന്ന യൂണിറ്റുകളാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിനകത്ത് ഉല്പാദനശേഷിയുള്ള നല്ല കറവ പശുക്കളെ ഉല്പാദിപ്പിച്ചെടുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ